കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തൈക്കാട്ടുശ്ശേരി ബ്ലോക്ക്പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

*(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)*

നം. കെ.എസ്.എ-എ.എൽ.പി/ബി.പി-33/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ ജില്ല
തീയതി. 05.01.2019
ഫോൺ – 0477 2252753
ഇ-മെയിൽ – ddhglfalpy@gmail.com

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം:- തൈക്കാട്ടുശ്ശേരി ബ്ലോക്ക്പഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ---ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി/ബി.പി-33/2019 തീയതി: 05.01.2019

.

## ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 20.10.2017 മുതൽ 10.10.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 20.10.2017 മുതൽ 10.10.2018 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനും മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ശ്രീ.സാബു ജോസഫ്,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

.

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 15.10.2018 മുതൽ<br>26.10.2018 വരെ | ശ്രീമതി.എസ്സ്.എൽസമ്മ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)<br>ശ്രീ.രാജേഷ്.കെ.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.<br>ശ്രീ.ജോസഫ് ജോർജ്ജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ. |

നിർവ്വഹണാധികാരികൾ

1. പ്രസിഡന്റ്

| ക്രമ നം. | പേര് | കാലയളവ്<br>(01.04.17 മുതൽ 31.03.18വരെ) |
|---|---|---|
| 1 | നിർമ്മല ശെൽവരാജ് | 01.04.17 മുതൽ 31.03.18വരെ |

2. സെക്രട്ടറി

| ക്രമ നം. | പേര് | കാലയളവ് |
|---|---|---|
| 1 | കെ.പി.രഘുനാഥൻ | 1.4.2017-31.5.2017 |
| 2 | ടി.വേണുഗോപാൽ | 1.6.2017-28.6.2017 |
| 3 | സലില.എസ്. | 29.6.2017-31.3.2018 |

3. സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | പേര് | കാലയളവ് (01.04.17 മുതൽ 31.03.18 വരെ) |
|---|---|---|
| ധനകാര്യം | പി.ജി.മുരളീധരൻ | 01.04.17- 31.03.18 |
| വികസനകാര്യം | ഉഷ രാജഗോപാൽ | 01.04.17- 31.03.18 |
| ക്ഷേമകാര്യം | എബ്രഹാം ജോർജ്ജ് | 01.04.17- 31.03.18 |
| ആരോഗ്യ-വിദ്യാഭ്യാസകാര്യം | മേഘ വേണു | 01.04.17- 31.03.18 |

4. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് (01.04.17 മുതൽ 31.03.18 വരെ) |
|---|---|---|
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ലീലാ കൃഷ്ണൻ | 01.04.17 മുതൽ 31.03.18 |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ. ജോർജ്ജ് കെ എ | 01.04.17 മുതൽ 31.03.18 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ജിനേഷ് കെ ബി | 01.04.17 മുതൽ 31.03.18 |
| അസിസ്റ്റന്റ് എഞ്ചിനീയർ | രമ എസ് | 01.04.17 -24.10.17 |
| | എലിസബത്ത് സി എക്സ് | 25.10.17-10.11.17 |
| | റെനി സെബാസ്റ്റ്യൻ കെ ജി | 11.11.17- 31.3.18 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | അനിൽകുമാർ പി സി | 01.04.17-25.08.17 |
| | സുസ്മിത എൽ | 25.08.17- 01.09.17 |
| | അനിൽകുമാർ പി എൻ | 02.09.18-31.03.18 |
| ശിശു വികസനപദ്ധതി ഓഫീസർ | നിർമല റ്റി ബി | 01.04.17 -09.10.17 |
| | ശോഭന വി (അഡീ. ചാർജ്ജ്) | 10.10.17-28.11.17 |
| | നിർമല റ്റി ബി | 29.11.17-30.11.17 |
| | ശോഭന വി (അഡീ. ചാർജ്ജ്) | 01.12.17-10.12.17 |
| | സ്മിത ജി എൻ | 11.12.17-31.03.18 |
| പട്ടികജാതി വികസന ഓഫീസർ | എ.രാകേഷ് | 01.04.17-01.01.18 |
| | ബിനേഷ് കെ | 01.01.18-31.03.18 |
| വ്യവസായ വികസന ഓഫീസർ | സുധാമണി സി | 01.04.17- 11.10.17 |
| | ടി വി പ്രേമലത | 12.10.17-29.10.17 |
| | ശാന്തി ആർ പൈ | 30.10.17-31.03.18 |

ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നം. | ഭാഗം 1 |
|---|---|---|
| 1 | 1-1 മുതൽ 1-9 വരെ | പൊതു അവലോകനം |
| ഭാഗം 2 | | |
| ഇല്ല | | |
| ഭാഗം 3 | | |
| 2 | 3-1 | അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - പൊതു അപാകതകൾ |
| 3 | 3-2 | പ്രവൃത്തി പൂർത്തീകരണ കാല താമസത്തിന് പിഴ ഈടാക്കിയില്ല |
| 4 | 3-3 | സോളാർ പവർ യൂണിറ്റ് -പദ്ധതി നടപ്പാക്കിയതിലെ അപാകങ്ങൾ |
| 5 | 3-4 | മൽസ്യത്തൊഴിലാളികൾക്ക് ഡിങ്കിയും ഗിൽനെറ്റും-പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ |

| | | |
|---|---|---|
| 6 | 3-5 | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിലെ അപാകങ്ങൾ |
| 7 | 3-6 | വിനിയോഗ രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു |
| 8 | 3-7 | മതിയായ രേഖകളില്ലാതെ ആനുകൂല്യം നൽകി |
| 9 | 3-8 | വാങ്ങിയ ഉപകരണങ്ങൾ വിതരണം ചെയ്തില്ല |
| 10 | 3-9 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ |
| ഭാഗം 4 | | |
| 11 | 4-1 മുതൽ 4-10 വരെ | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 12 | അനുബന്ധം 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 13 | അനുബന്ധം 2 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 29.3.2017 തീയതിയിലെ I(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 18,08,46,344 | 17,33,70,200 |
| വാർഷിക കണക്ക് പ്രകാരം | 9,59,53,315 | 7,11,15,309 |

1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2018 | 12.08.2018 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

പ്രത്യേക അനുബന്ധമായി ചേർത്തിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,68,66,750 |
| വരവ് | 6,90,86,565 |
| ആകെ | 9,59,53,315 |
| ചെലവ് | 7,11,15,309 |
| നീക്കിയിരിപ്പ് | 2,48,38,006 |

1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | ഒ.ബി. | വരവ് | ആകെ | ചെലവ് | സി.ബി. |
|---|---|---|---|---|---|
| വി.ഫണ്ട്(ജനറൽ) | | 23195512 | 23195512 | 23195512 | 0 |
| വി.ഫണ്ട്(എസ്.സി.പി) | | 8260000 | 8260000 | 8260000 | |
| വി.ഫണ്ട്(ടി.എസ്.പി) | | 277000 | 277000 | 277000 | |
| മെയിന്റനൻസ് ഫണ്ട് - നോൺ റോഡ് | | 2955000 | 2955000 | 2955000 | |
| ട്രഷറി റ്റി.എസ്.ബി.(ജനറൽ | 3782156 | 4195206 | 7977362 | 4822143 | 3155219 |

| ഫണ്ടിനം | ഒ.ബി. | വരവ് | ആകെ | ചെലവ് | സി.ബി. |
|---|---|---|---|---|---|
| പർപ്പസ്) | | | | | |
| എസ്.ബി.ഐ. -സാക്ഷരത | 2279 | 84 | 2363 | 0 | 2363 |
| എസ്.ബി.ഐ-ബ്ലോക്ക് | 3476321 | 12472672 | 15948993 | 14264414 | 1684579 |
| പി.എൻ.ബി.ഐ.എ.വൈ അഡ്മിൻ | 0 | 304 | 304 | 304 | 0 |
| ട്രഷറി ടി.എസ്.ബി. ജോയിന്റ് വെഞ്ചർ | | 3398525 | 3398525 | 3378525 | 20000 |
| പി എൻ ബി ഐഎവൈ പ്ലാൻ | 17010529 | 11067872 | 28078401 | 11851726 | 16226675 |
| പി എൻ ബി ഐഎവൈ അഡ്മിനി സ്ട്രേഷൻ | 24997 | 252 | 25249 | 24981 | 268 |
| എസ് ബി ഐ ഡി ആർ, ഡി എ ടൂർ ടി | 567 | 21 | 588 | 0 | 588 |
| പി എൻ ബി മിസെലേനിയസ് | 1384989 | 52446 | 1437435 | 53 | 1437382 |
| എസ് ബി ഐ -സൈൻ | 5370 | 200 | 5570 | 0 | 5570 |
| എസ് ബി ഐ -എം കെ എസ് പി | 0 | 50268 | 50268 | 50159 | 109 |
| എസ് ബി ടി- ടി എസ് സി | 1179542 | 113210 | 1292752 | 69250 | 1223502 |
| പി എൻ ബി ലൈഫ് മിഷൻ | 0 | 7771071 | 7771071 | 6689320 | 1081751 |

പ്രവർത്തനക്ഷമമല്ലാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 67 | 52294974 | 59 | 35294659 | 7 | 1 | 76.12 |

1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.05.2018 മുതൽ 01.06.2018 വരെ | 2017-2018 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.02.2014 മുതൽ 01.03.2014 വരെ | 2008-09 മുതൽ 2012-13 വരെ | 19.04.2014 |

1-10 ആഭ്യന്തര നിയന്ത്രണം

1. തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം തൃപ്തികരമാണ്. രജിസ്റ്ററുകളും രേഖകളും തൃപ്തികരമായി സൂക്ഷിച്ചിട്ടുണ്ട്.
2. സ്ഥാപനത്തിലെ എല്ലാ ജീവനക്കാരുടെയും ജോലിവിഭജനം കൃത്യമായി ഓഫീസ് ഓർഡറിൽ രേഖപ്പെടുത്തപ്പെടുന്നുണ്ട്.
3. ഫ്രണ്ട് ഓഫീസ് വഴി ലഭിക്കുന്ന തപാലുകൾ സെക്രട്ടറി ഇൻഷ്യൽ ചെയ്ത് അതാത് സെക്ഷനുകൾക്ക് കൈമാറുന്നുണ്ട്.
4. രജിസ്റ്ററുകൾ, ഫയലുകൾ, വൗച്ചറുകൾ എന്നിവ കൃത്യമായി നമ്പറുകളിട്ട് സൂക്ഷിക്കുന്നുണ്ട്. എല്ലാ വൗച്ചറുകളും പ്രസിഡന്റ് അംഗീകരിക്കുന്നില്ല. 2017-18 സാമ്പത്തികവർഷം ആകെ ലഭിച്ച 3286 തപാലുകളിൽ 3177 ഫയലുകളും തീർക്കിയിട്ടുണ്ട്. 109 ഫയലുകളുടെ നടപടി പുരോഗമിക്കുന്നു.
5. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും. പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർഥമൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രിസിയേഷൻ നല്കിയും ചേർക്കുന്നില്ല.
6. തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിന്മേൽ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

അപാകതകൾ പരിഹരിച്ച് ആഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-11 വാർഷിക കണക്കിലെ അപാകതകൾ

തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ പരിശോധനയിൽ താഴെപ്പറയുന്ന ന്യൂനതകൾ കണ്ടെത്തിയിട്ടുണ്ട്.

1. ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച പല ബാങ്ക് അക്കൌണ്ടുകളും പദ്ധതി പ്രവർത്തനങ്ങൾ പൂർണ്ണമായി അവസാനിച്ച ശേഷവും ക്ലോസ് ചെയ്യാതെ വാർഷിക ധനകാര്യപത്രികകളിൽ തുടർച്ചയായി ഉൾപ്പെടുത്തി വരുന്നുണ്ട്.
2. ബ്ലോക്ക് പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് ലഡ്ജറിൽ ഉൾപ്പെടുത്തിയിട്ടുള്ള ചില ഡെപ്പോസിറ്റുകൾ 3 വർഷം പൂർത്തിയായതിനാൽ ബ്ലോക്ക് പഞ്ചായത്തിന്റെ തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നവയാണ്. എന്നാൽ ഇവ ഡെപ്പോസിറ്റുകളായി തന്നെ നിലനിർത്തിയിട്ടുണ്ട്.
3. ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ആസ്തികളുടെ സംബന്ധിച്ച ആസ്തി രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ബ്ലോക്ക് പഞ്ചായത്തിന്റെ മുൻകാല ആസ്തികൾ കൂടി ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടുണ്ടോ എന്നത് പരിശോധിക്കാനായിട്ടില്ല.

## ഭാഗം-2
## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

## ഭാഗം-3
## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്റ്റുകൾ - പൊതു അപാകതകൾ

2017-18 വർഷം പൊതു മരാമത്ത് പ്രവൃത്തികളുടെ പരിശോധനയിൽ കണ്ടെത്തിയ പൊതു അപാകതകൾ താഴെ കൊടുക്കുന്നു.

1. കരാർ രജിസ്റ്ററിൽ കരാർ പ്രകാരം പൂർത്തീകരിക്കേണ്ടതായ തീയതി (Agreed date of Completion) രേഖപ്പെടുത്തുന്നില്ല. മാസ കാലയളവ് മാത്രമാണ് രേഖപ്പെടുത്തുന്നത്. കൂടാതെ കോളങ്ങൾ യഥാവിധി പൂരിപ്പിക്കുന്നില്ല (കോളം നം. 6,7,8).
2. കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ഏർപ്പെടുന്ന ഭൂരിഭാഗം കരാറുകളിലും ടെണ്ടർ ഷെഡ്യൂളുകളിലും പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ

പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു. കൂടാതെ കാലഹരണപ്പെട്ട വ്യവസ്ഥകളാണ് കരാർ ഉടമ്പടി പത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

3. ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ ലഭിച്ച തീയതി രേഖപ്പെടുത്തുന്നില്ല. കൂടാതെ ഇ.എം. ഡി. യുടെ വിശദാംശങ്ങളും രേഖപ്പെടുത്തുന്നില്ല.

പ്രോജക്ട് ഫയലുകളിലേയും അനുബന്ധ രജിസ്റ്ററുകളിലേയും ഇത്തരം അപാകങ്ങൾ നിർവ്വഹണ പ്രക്രിയയെ സാരമായി ബാധിക്കുന്നു. അപാകതകൾ പരിഹരിച്ച് പ്രവൃത്തികളുടെ കൃത്യമായ മേൽനോട്ടം സുഗമമാക്കേണ്ടതാണ്.

## 3-2 പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കിയില്ല

2012-ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ സെക്ഷൻ 2112-1 ലെ വ്യവസ്ഥകൾക്കനുസൃതമായി നിശ്ചിത ശതമാനം പിഴ കരാറുകാരനിൽനിന്നും ഈടാക്കേണ്ടതുണ്ട്. ഏതെങ്കിലും കാരണവശാൽ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം, നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കു മുമ്പ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ള പക്ഷം സമയം ദീർഘിപ്പിക്കാവുന്നതാണ് (ഓരോ തവണയും കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാത്ത വിധം). ഇപ്രകാരം കാലാവധിയുടെ 50% വരെ പരമാവധി പൂർത്തീകരണ സമയം ദീർഘിപ്പിക്കാവുന്നതാണ്. ഇതിന് ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹1000/-, പരമാവധി ₹50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹2000/-, പരമാവധി ₹100000/-) പിഴ ഈടാക്കി പുതുക്കിയ കാലാവധിക്കനുസരിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കേണ്ടതുമാണ്.

അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധിക കാലത്തിന് ഓരോ ആഴ്ചയ്ക്കും PAC യുടെ 0.1% എന്ന നിരക്കിൽ (പരമാവധി 10%) നഷ്ട പരിഹാരം ഈടാക്കേണ്ടതുമാണ്.(Liquidated damage)

എന്നാൽ നിശ്ചിത കാലാവധിക്കു ശേഷം പൂർത്തീകരിച്ച താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടുകളിൽ ഇപ്രകാരം കരാറുകാരൻ/കൺവീനർ സമയദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കുകയോ പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കുകയോ ചെയ്തതായി കാണുന്നില്ല.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാർനം, കരാറുകാരൻ, എം.ബുക്ക് നം, പി.എ.സി. | കരാർ കാലാവധി, കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|
| 1 | 05/AE/LSGD/TSYBP /17-18 dt: 25.08.2017<br>അജീഷ് എസ്.<br>24/17-18<br>(446455/-രു.)<br>പ്രോ.നം. 46/18(തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിൽ13-ാം വാർഡിൽ ചാത്തനാട്ട-എലിക്കാട്ട് തോടിന് സംരക്ഷണ ഭിത്തി നിർമ്മാണം)<br>പ്രവൃത്തിമൂല്യം-446455/- | 6മാസം.<br>(25.02.2018) | 23.03.2018 | 1339/- |

| | | | | |
|---|---|---|---|---|
| | രൂപ ( നികുതികൾ, മറ്റു കിഴിവുകൾ ഉൾപ്പടെ)<br>ബിൽ നം. 25/17-18 /24.03.2018) | | | |
| 2* | 06/AE/LSGD/TSYBP /17-18 dt: 25.08.2017<br>മനോജ് ആർ<br>04/17-18<br>(13,19,383/-രൂ.)<br>പ്രോ.നം. 31/18(പ്രാദേശിക ഉത്പന്ന വിപണന കേന്ദ്രം കെട്ടിട നിർമ്മാണം)<br>പ്രവൃത്തിമൂല്യം- 1340587/-<br>Ltd to quoted amt-13,19,382/-രൂ. (നികുതികൾ, മറ്റു കിഴിവുകൾ ഉൾപ്പടെ)<br>834892/- രൂപ ബിൽ നം. 08/17-18 /08.02.2018 (CC 1st& part Bill))<br>484490/-ബിൽ നം. 24/17-18/24.03.2018 (CC 2nd& final Bill)) | 6മാസം.<br>(23.02.2018) | 17.03.2018 | 3958/- |
| | | | ആകെ | 5297/- രൂപ |

* കരാറുകാരനായി ശ്രീ മനോജ് ആർ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലാത്തതിനാൽ 02/Plan/2017-18 /08.01.2018 നം. കത്ത് പ്രകാരം പ്രവൃത്തി തുടങ്ങാൻ ആവശ്യപ്പെട്ട് കരാറുകാരന് അസിസ്റ്റന്റ് എഞ്ചിനിയർ കത്തയച്ചിട്ടുണ്ട്.

അപാകതയിന്മേൽ നൽകിയ ഓഡിറ്റന്വേഷണത്തിന് ക്രമ നം.(1) പ്രകാരമുള്ള പ്രവൃത്തിയുടെ കാലതാമസം കരാറുകാരന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയല്ലെന്നും ക്രമനം.(2) പ്രകാരമുള്ളതിന് ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കേണ്ടി വന്നതിലുമാണ് കാലതാമസം നേരിട്ടതെന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ഇപ്രകാരം കരാർ കാലാവധി നീട്ടി നൽകാൻ ആവശ്യപ്പെട്ട് കരാറുകാരൻ ആവശ്യപ്പെട്ടതായോ ആയത് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചതായോ കാണാത്ത സാഹചര്യത്തിൽ പ്രസ്തുത മറുപടി അംഗീകരിക്കുവാൻ നിർവ്വാഹമില്ല. ആയതിനാൽ ടി തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി ഒടുക്കാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ ബാധ്യതയായി നിർണ്ണയിക്കുന്നതായിരിക്കും.

മേൽ പ്രവൃത്തികളിൽ മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഫയലിൽ ചേർത്തിട്ടുണ്ടെങ്കിലും വാർഡ് മെമ്പറുടെ സാക്ഷ്യപ്പെടുത്തലുകളൊഴിച്ച് നിർത്തിയാൽ മറ്റ് വിശദാംശങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. ഇതിൽ നിന്നും പ്രോജക്ട് മോണിറ്ററിംഗിന് പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് ശരിയാംവണ്ണം ശ്രദ്ധ ചെലുത്തുന്നില്ലായെന്ന് വ്യക്തമാകുന്നു. ഈ വിഷയത്തിലേക്ക് വികസന കാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-3 സോളാർ പവർ യൂണിറ്റ് -പദ്ധതി നടപ്പാക്കിയതിലെ അപാകങ്ങൾ

ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ സൌരോർജ്ജ ഉത്പാദനയൂണിറ്റ് സ്ഥാപിക്കൽ

പ്രോജക്ട് നം-65/18

ബിൽ നം-68/17-18 Rs.650620/- c/o 26/03/2018

ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ സൌരോർജ്ജ ഉത്പാദന യൂണിറ്റ് സ്ഥാപിച്ച് അതുവഴി ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ വൈദ്യുതാവശ്യങ്ങൾ നിറവേറ്റുന്നതിനും അധികമായി ഉത്പാദിക്കപ്പെടുന്ന വൈദ്യുതി കെ.എസ്.ഇ.ബി വൈദ്യുത വിതരണ ശ്രൃംഖലയിലേക്ക് നൽകി വൈദ്യുതി ബില്ലുകളിൽ തുക കുറവ് ചെയ്യുന്നതിനും ലക്ഷ്യമിട്ടാണ് വികസനഫണ്ടിൽ നിന്നും 10 ലക്ഷം രൂപ അടങ്കലിൽ ഈ പദ്ധതി തയ്യാറാക്കിയത്. കെൽട്രോൺ, അരൂരിൽ നിന്നും MKTG/KCASOLAR/SP733/17-18/A/3947 നമ്പരായി 21.08.2017 ൽ നൽകിയ പ്രോജക്ട് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചത്. പദ്ധതി നടത്തിപ്പിനാവശ്യമായ സാങ്കേതിക വിശദാംശങ്ങൾ പ്രപ്പോസലിൽ കെൽട്രോണും തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഡി.എ1/244/2017/ dt.02.06.2017 ലെ സർക്കുലർ പ്രകാരം സൌരോർജ്ജ ഉത്പാദന പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാരും നൽകിയിട്ടുണ്ട്. 23/10/2017ൽ നടന്ന 2017_LSGD_161386_1 നം ഇ-ടെണ്ടർ മുഖേന തിരഞ്ഞെടുത്ത റെയ്ഡ്കോ, കണ്ണൂർ മുഖാന്തിരമാണ് 6,50,620 രൂപ ചെലവിൽ 10 കിലോവാട്ടിന്റെ ഓൺഗ്രിഡ് സൌരോർജ്ജയൂണിറ്റ് സ്ഥാപിക്കുന്ന പദ്ധതി ബ്ലോക്ക് പഞ്ചായത്തിൽ നടപ്പാക്കിയത്. പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് ഇലക്ട്രിക്കൽ ഇൻസ്പെക്ടേറ്റിൽ നിന്നുള്ള അനുവാദം ലഭിക്കാത്തതും അധിക വൈദ്യുതി ഗ്രിഡിലേക്ക് നൽകുന്നതിനായി ഗ്രിഡ് ഉടമസ്ഥരായ കെ.എസ്.ഇ.ബിയുമായി കരാറിലേർപ്പെടാത്തതും പോലുള്ള സാങ്കേതിക കാരണങ്ങളാൽ പാരിസ്ഥിതിക സംതുലനം ഉറപ്പുവരുത്തുന്നതിനും നിലവിലെ മലീനീകരണ പ്രശ്നങ്ങൾക്ക് പരിഹാരവുമായി നിർദ്ദേശിക്കപ്പെടുന്ന പദ്ധതി നാളിതുവരെയായി പ്രവർത്തനം ആരംഭിച്ചിട്ടില്ല.

പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

1. പദ്ധതി സംബന്ധിച്ച് വിശദമായ പഠനങ്ങളോ വേണ്ടത്ര മുന്നൊരുക്കങ്ങളോ ഇല്ലാതെയാണ് ബ്ലോക്ക് പഞ്ചായത്ത് പദ്ധതി നടപ്പാക്കിയത്. ഇക്കാര്യം താഴെപ്പറയുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ ബോധ്യപ്പെടുന്നതാണ്.

എ) അഞ്ചു കിലോവാട്ടിന് മുകളിൽ ശേഷിയുള്ള എല്ലാ സൌരോർജ്ജ യൂണിറ്റുകളും സ്ഥാപിക്കുന്നതിന് ത്രീ ഫേസ് വൈദ്യുതി കണക്ഷൻ ആവശ്യമാണ്. ഈ വിവരം സൌരോർജ്ജ ഉത്പാദന പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളിലും കെൽട്രോണിൽ നിന്നുള്ള പ്രപ്പോസലിലും വ്യക്തമായി പറഞ്ഞിട്ടുള്ളതാണ് . എന്നാൽ പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങി ടെണ്ടർ നടപടിക്രമങ്ങളെല്ലാം പൂർത്തീകരിച്ച ശേഷം 26/12/2017 ൽ ജി.1157/2017 നമ്പർ കത്ത് പ്രകാരം റെയ്ഡകോക്ക് 10 കിലോവാട്ടിന്റെ ഓൺഗ്രിഡ് സൌരോർജ്ജയൂണിറ്റിനുള്ള സപ്ലൈ ഓർഡർ നൽകി ഒന്നരമാസത്തിനുശേഷം മാത്രമാണ് ഓഫീസിൽ നിലവിലുള്ള സിംഗിൽ ഫേസ് കണക്ഷൻ ത്രീ ഫേസാക്കുന്നതിന് കെ.എസ്.ഇ.ബിക്ക് അപേക്ഷ നൽകുന്നത്.

ബി) ഉത്പാദിപ്പിക്കുന്ന സൌരോർജ്ജം ബാറ്ററിയിൽ സംഭരിക്കാതെ നിലവിലെ വൈദ്യുതി വിതരണ ശ്രൃംഖലയിലേക്ക് നൽകുന്ന ഓൺഗ്രിഡ് പദ്ധതികൾ നടപ്പാക്കുന്നതിനായി ഗ്രിഡ് ഉടമസ്ഥരായ കെ.എസ്.ഇ.ബിയിൽ നിന്നുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റും അനുമതിയും അനിവാര്യമാണ്. എന്നാൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് റെയ്ഡ്കോയ്ക്ക് സപ്ലൈ ഓർഡർ നൽകി രണ്ട് മാസത്തിനുശേഷമാണ് കെ.എസ്.ഇ.ബിൽ നിന്നുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നത്.

സി) അധിക വൈദ്യുതി ഗ്രിഡിലേക്ക് വാങ്ങുന്നതുമായി ബന്ധപ്പെട്ട കെ.എസ്.ഇ.ബിയുമായി നാളിതുവരെയായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ഗ്രിഡ് ബന്ധിത പദ്ധതികളിൽ കെ.എസ്.ഇ.ബിയുമായി വാങ്ങൽ കരാറിൽ ഏർപ്പെടാതെ വൈദ്യുതി ഉത്പാദനം ആരംഭിക്കാനാകില്ല. ഓൺ ഗ്രിഡ് പദ്ധതികളിലെ ഏറ്റവും പ്രധാനഘടകം ഇതായിരിക്കെ ഇൻസ്റ്റലേഷൻ പൂർത്തീകരിച്ച ശേഷം മാത്രമാണ് കരട് എഗ്രിമെന്റ് തയ്യാറാക്കി കെ.എസ്.ഇ.ബിയുടെ അംഗീകാരത്തിന് നൽകുന്നത്.

ഡി) പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് ഇലക്ട്രിക്കൽ ഇൻസ്പെക്ടേറ്റിൽ നിന്നുള്ള അനുവാദം ആവശ്യമായിരിക്കെ ഇതിനുള്ള നടപടികൾ സ്വീകരിക്കുന്നത് പദ്ധതി തുക പൂർണ്ണമായും റെയ്ഡ്കോക്ക് നൽകി രണ്ട് മാസത്തിനുശേഷം മാത്രമാണ്.

ഇ) സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സോളാർ യൂണിറ്റ് സ്ഥാപിക്കുന്ന മേൽക്കൂരക്ക് സൌകര്യപ്രദമായ ലാഡർ ഫെസിലിറ്റിയും പൊടി പിടിക്കുന്ന പാനലുകൾ കഴുകി വൃത്തിയാക്കുന്നതിനുള്ള സംവിധാനവും അനിവാര്യമാണ്. എന്നാൽ ഈ രണ്ടു സംവിധാനവും നിലവിലും ഏർപ്പെടുത്തിയിട്ടില്ല.

2. പാരമ്പര്യേതര ഊർജ്ജ ഉത്പാദന പദ്ധതികൾക്ക് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള 15% ഇൻസന്റീവ് ലഭിക്കുന്നതിനായി 26.03.2018 ൽ ബ്ലോക്ക് പഞ്ചായത്ത് അനെർട്ടിൽ രജിസ്റ്റർ ചെയ്തിരുന്നു. ഇൻസെന്റീവ്

ലഭിക്കുന്നതിന് രജിസ്റ്റർ ചെയ്ത് 5 മാസത്തിനകം പദ്ധതി കമ്മീഷൻ ചെയ്യേണ്ടിയിരുന്നു. ഈ രജിസ്ട്രേഷൻ 25.08.2018 ൽ അവസാനിച്ചപ്പോഴും പദ്ധതി കമ്മീഷനിംഗ് നടപ്പായില്ല. ഇതുമൂലം ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കേണ്ട 97,593 രൂപയുടെ കേന്ദ്ര ഇൻസെന്റീവ് ലഭിക്കാത്ത സ്ഥിതിയാണ്.

3. സൌരോർജ്ജ ഉത്പാദനയൂണിറ്റ് സ്ഥാപിക്കുന്നതിനായി റെയ്ഡ്കോയുമായി 2.03.2018ന് (കരാർ നം-12/2017-18) ഏർപ്പെട്ട കരാർ പ്രകാരം 3 മാസത്തിനുള്ളിലാണ് പദ്ധതി പൂർത്തീകരിക്കേണ്ടത്. കരാർ പ്രകാരം റെയ്ഡകോയ്ക്ക് അഡ്വാൻസ് തുക നൽകുകയും ബാക്കി തുക പദ്ധതി പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തീകരിച്ച ശേഷം മാത്രം നൽകുകയുമാണ് ചെയ്യേണ്ടത്. എന്നാൽ കരാറിലെ വ്യവസ്ഥക്ക് വിരുദ്ധമായി പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയാകും മുമ്പ് റെയ്ഡ്കോയുടെ 24.03.2018 ലെ ഇൻവോയ്സ് പ്രകാരം പദ്ധതി തുക പൂർണ്ണമായും പിൻവലിച്ച് 26.03.2018 ൽ റെയ്ഡകോക്ക് നൽകി. പദ്ധതി കമ്മീഷനിംഗിന് മുമ്പായി തുക നൽകണമെന്ന് റെയ്ഡ്കോ പോലും ആവശ്യപ്പെട്ടിരുന്നില്ല. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 15/09/2018 ലെ ജി.466/2017 നം സാക്ഷ്യപത്ര പ്രകാരം പദ്ധതിയുടെ പ്രവർത്തനം ടെസ്റ്റ് ചെയ്തത് 15/09/2018 ൽ, പദ്ധതി തുക പൂർണ്ണമായും നൽകി ആറുമാസത്തിന് ശേഷം മാത്രമാണ്. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള അനുവാദം ലഭിക്കാത്തതും അധിക വൈദ്യുതി ഗ്രിഡിലേക്ക് നൽകുന്നതിനായി ഗ്രിഡ് ഉടമസ്ഥരായ കെ.എസ്.ഇ.ബിയുമായി കരാറിലേർപ്പെടാത്തതും മൂലം പദ്ധതി നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടുമില്ല. പ്രവർത്തി പൂർത്തീകരിച്ച ശേഷം നൽകേണ്ട ഫൈനൽ ബിൽ തുക പൂർണ്ണമായി ആദ്യമേ നൽകിയതിനാൽ കരാറുകാരായ റെയ്ഡ്കോ പദ്ധതിയുടെ തുടർ നടപടികളിൽ സജീവമല്ലാതായി.

4. സൌരോർജ്ജ ഉത്പാദനയൂണിറ്റ് സ്ഥാപിക്കുന്നതിനായി റെയ്ഡ്കോയുമായി 2.03.2018 ന് ഏർപ്പെട്ട കരാറിൽ ബ്ലോക്ക് പഞ്ചായത്തിന്റെ താത്പര്യങ്ങൾക്കനുസൃതമായ വ്യവസ്ഥകളില്ല. മൂന്ന് മാസത്തിനകം തീർക്കുന്നതിന് ലക്ഷ്യമിട്ട പദ്ധതി പത്ത് മാസം പിന്നിട്ടിട്ടും കമ്മീഷൻ ചെയ്യാത്തതിന് റെയ്ഡകോക്ക് ബാധ്യത വരുത്തുന്നതോ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ അനുമതികളും സാങ്കേതിക ആവശ്യങ്ങളും പൂർണ്ണമായും കരാറുകാരന്റെ ഉത്തരവാദിത്തത്തിലാക്കുന്നതോ ആയ വ്യവസ്ഥകൾ കരാറിലില്ല. പദ്ധതി പ്രവർത്തനം ആരംഭിച്ചതിനുശേഷമുള്ള സൌരോർജ്ജ യൂണിറ്റിന്റെ സർവ്വീസ്, അറ്റകുറ്റപ്പണികൾ എന്നിവ സംബന്ധിച്ചും കരാറിൽ വ്യക്തമായ വ്യവസ്ഥകളില്ല. കരാറിൽ ഇപ്രകാരമുള്ള വ്യവസ്ഥകളില്ലാത്തും സ്ഥാപനത്തിന് പദ്ധതി തുക പൂർണ്ണമായി നൽകി കഴിഞ്ഞതും മൂലം പദ്ധതിയുടെ കമ്മീഷനിംഗും മറ്റ് സാങ്കേതിക നടപടി ക്രമങ്ങളും ബ്ലോക്ക് പഞ്ചായത്തിന്റെ മാത്രം ഉത്തരവാദിത്വമായി മാറി.

5. ബ്ലോക്ക് പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽ നിന്നും 6,50,520 രൂപ 2018 മാർച്ചിൽ ചെലവഴിച്ചെങ്കിലും വൈദ്യുതി ചാർജ്ജിനത്തിൽ ഒരു രൂപയുടെ പോലും കുറവ് നാളിതുവരെ ബ്ലോക്ക്പഞ്ചായത്തിന് ഉണ്ടായിട്ടില്ല. അനർട്ടിന്റെ കണക്കുകൾ പ്രകാരം 10 കിലോവാട്ടിന്റെ സൌരോർജ്ജ നിലയത്തിൽ നിന്നും 40 യൂണിറ്റ് വൈദ്യുതിയാണ് ഉത്പാദിക്കാവുന്നത്. അനെർട്ടിന്റെ തന്നെ കണക്കുകൾ പ്രകാരം പ്രതിദിനം 18-20 യൂണിറ്റ് വൈദ്യുതിയാണ് ബ്ലോക്ക് പഞ്ചായത്തിന്റെ ഓഫീസിൽ ആവശ്യമുള്ളത്. അതിനാൽ തന്നെ പ്രവർത്തിദിനങ്ങളിൽ മാത്രം ശരാശരി 20 യൂണിറ്റ് വൈദ്യുതി ഗ്രിഡിലേക്ക് നൽകാവുന്നതാണ്. സോളാർ യൂണിറ്റ് സ്ഥാപിച്ചെങ്കിലും ഉത്പാദനം തുടങ്ങാത്തതിനാൽ കെ.എസ്.ഇ.ബിക്ക് നൽകേണ്ടിവരുന്ന പ്രതിദിനം 18-20 യൂണിറ്റ് വൈദ്യുതിയുടെ വിലയും ഗ്രിഡിലേക്ക് നല്കുന്ന 20 യൂണിറ്റ് വൈദ്യുതിക്ക് ലഭിക്കേണ്ട വിലയും പദ്ധതി നടത്തിപ്പിൽ വന്ന കാലതാമസം മൂലം നഷ്ടപ്പെടുന്ന സ്ഥിതിയാണുള്ളത്. പദ്ധതി പൂർത്തീകരിക്കുന്നതിന് മുമ്പേ പദ്ധതിപ്പണം പൂർണ്ണമായിസർക്കാർ ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടിവന്നത് മൂലവും സോളാർ പാനലുകളുടെ ശേഷി പൂർണ്ണമായി ഉപയോഗിക്കാവുന്ന കാലയളവിലുണ്ടാകുന്ന ഉത്പാദനമില്ലായ്മയുടെ നഷ്ടവും സ്ഥാപിച്ച അനുബന്ധ ഉപകരണങ്ങളുടെ തേയ്മാനം മൂലം സംഭവിക്കുന്ന നഷ്ടവും ഇതിനുപുറമേ വരുന്നതാണ്.

6. പദ്ധതി പ്രവർത്തനങ്ങളുടെ നടത്തിപ്പിൽ ബ്ലോക്ക് പഞ്ചായത്ത് തലത്തിലും കാലതാമസം വന്നിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിന് റെയ്ഡ്കോയ്ക്ക് 26.12.2017 ൽ സപ്ലൈ ഓർഡർ നൽകിയെങ്കിലും ബ്ലോക്ക് പഞ്ചായത്ത് റെയ്ഡ്കോയുമായി കരാറിലേർപ്പെടുന്നത് 02.03.2018 ൽ മാത്രമാണ്. കരാർ തിയതി മുതൽ മാത്രമാണ് പദ്ധതി പൂർത്തീകരണത്തിന് റെയ്ഡ്കോക്ക് ബാധ്യതയെന്നിരിക്കെ ഈ കാലതാമസം റെയ്ഡ്കോയ്ക്ക് മാത്രമാണ് പ്രയോജനം ചെയ്തത്. പദ്ധതി പ്രവർത്തനങ്ങളിൽ ഇതിനകം വലിയ കാലതാമസമുണ്ടായിട്ടുണ്ടെങ്കിലും പദ്ധതി അടിയന്തിരമായി കമ്മീഷൻ ചെയ്യുന്ന വിധമുള്ള തുടർനടപടികളൊന്നും ബ്ലോക്ക്പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. കെ.എസ്.ഇ.ബിയുമായുള്ള കരാർ നടപടികൾ വേഗത്തിലാക്കുന്നതിനോ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള അന്തിമാനുമതി വേഗത്തിൽ ലഭ്യമാക്കുന്നതിനോ ആവശ്യമായ തുടർ നടപടികളൊന്നും ഇതിനകം സ്വീകരിച്ചതിന്റെ വിവരങ്ങൾ ഫയലിലില്ല.

ഇക്കാര്യങ്ങളിൽ വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നൽകിയതിന് ബ്ലോക്ക് പഞ്ചായത്ത് 26/10/2018 ൽ മറുപടി നൽകി. അതുപ്രകാരം ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിൽ ഇതേ കാലയളവിൽ നടത്തിയിരുന്ന ഓഫീസ് ഇലക്ട്രിഫിക്കേഷൻ പദ്ധതിയുമായി ബന്ധപ്പെട്ടുണ്ടായ കാലതാമസം മൂലമാണ് ത്രീഫേസ് കണക്ഷൻ

ഉൾപ്പെടെയുള്ള നടപടികൾ വൈകിയതെന്നും കെ.എസ്.ഇ.ബിയിൽ നിന്നും ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാനെടുത്ത കാലതാമസം മൂലമാണ് കരാർ ഒപ്പിടാൻ വൈകിയതെന്നും അറിയിച്ചിട്ടുണ്ട്.

മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിക്കായി ചെലവഴിച്ച 6,50,620 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഈ പദ്ധതിയുടെ തുടർനടപടികൾ വേഗത്തിലാക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. സോളാർ യൂണിറ്റിന്റെ പ്രവർത്തനം വൈദ്യുതി ഗ്രിഡുമായി ബന്ധിപ്പിക്കുന്നതിനായി കെ.എസ്.ഇ.ബി യുമായി കരാറിൽ ഏർപ്പെടുന്നതിനായി ഭരണസമിതി തലത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുക.
2. വൈദ്യുതി ഉത്പാദനം ആരംഭിക്കുന്നതിനായി ഇലക്ട്രിക്കൽ ഇൻസ്പെക്ടറിന്റെ അന്തിമാനുമതി ഉടൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
3. പാരമ്പര്യേതര ഊർജ്ജ ഉത്പാദന പദ്ധതികൾക്ക് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള 15% ഇൻസന്റീവ് ലഭിക്കുന്നതിനുള്ള അനെർട്ട് രജിസ്ട്രേഷൻ യഥാസമയം പദ്ധതി കമ്മീഷൻ ചെയ്യാതിരുന്നതിനാൽ റദ്ദായിട്ടുണ്ട്. ഈ രജിസ്ട്രേഷൻ പതുക്കി 97,593 രൂപയുടെ കേന്ദ്ര ഇൻസെന്റീവ് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
4. സോളാർ യൂണിറ്റിന്റെ സർവ്വീസിംഗ് ഉൾപ്പടെയുള്ള തുടർപ്രവർത്തനങ്ങൾ, അറ്റകുറ്റപ്പണികൾ എന്നിവ കൂടി റെയ്ഡ്കോയെ ചുതലപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കുക
5. സോളാർ യൂണിറ്റ് സ്ഥാപിച്ചിട്ടുള്ള മേൽക്കൂരക്ക് സൌകര്യപ്രദമായ ലാഡർ ഫെസിലിറ്റിയും പൊടിപിടിക്കുന്ന പാനലുകൾ കഴുകി വൃത്തിയാക്കുന്നതിനുള്ള തുടർ സംവിധാനവും ഏർപ്പെടുത്തുക.
6. സോളാർ യൂണിറ്റ് വഴി ഉത്പാദിപ്പിക്കുന്ന അധിക വൈദ്യുതി ബ്ലോക്ക് പഞ്ചായത്ത് കോമ്പൌണ്ടിൽ പ്രവർത്തിക്കുന്ന വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾക്കായി കൂടി ഉപയോഗപ്പെടുത്തുവാനുള്ള സാധ്യതകൾ പരിശോധിക്കുക.
7. ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ കരാറുകളിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഉത്തമതാത്പര്യം സംരക്ഷിക്കുന്നതും നഷ്ടോത്തരവാദിത്വം ഉറപ്പുവരുത്തുന്നതുമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുക.

## 3-4 മൽസ്യത്തൊഴിലാളികൾക്ക് ഡിങ്കിയും ഗിൽനെറ്റും-പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

മൽസ്യത്തൊഴിലാളികൾക്ക് ഡിങ്കിയും ഗിൽനെറ്റും

പ്രോജക്ട് നം-29/18 (വികസന ഫണ്ട്-ജനറൽ)

ബിൽ നം-65/17-18 Rs.44778/- തീയതി.23/03/2018
നിർവ്വഹണ ഉദ്യോഗസ്ഥൻ:- സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്.

തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഉൾനാടൻ മൽസ്യബന്ധന മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ജീവിതോപാധിയായി ഡിങ്കിയും ഗിൽനെറ്റും വിതരണം നടത്തുന്ന ഈ പദ്ധതിയിൽ മൂന്ന് മൽസ്യത്തൊഴിലാളികളടങ്ങുന്ന നാല് ഗ്രൂപ്പുകൾക്കാണ് 2017-18 സാമ്പത്തിക വർഷം ധനസഹായം അനുവദിച്ചത്. പദ്ധതിയുടെ ചെലവുരേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1. ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ചേന്നം പള്ളിപ്പുറം, തൈക്കാട്ടുശ്ശേരി, പാണാവള്ളി, പെരുമ്പളം, അരൂക്കുറ്റി എന്നീ 5 ഗ്രാമപഞ്ചായത്തുകളും ഉൾനാടൻ മൽസ്യബന്ധനമേഖലയിൽ ഉൾപ്പെടുന്നവയാണ്. ഈ ഗ്രാമപഞ്ചായത്തുകളെല്ലാം ഈ പദ്ധതിക്കായി ഗ്രാമസഭ വഴി തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ലിസ്റ്റും നൽകിയിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് 2017-18 ൽ ആകെ നാല് ഗ്രൂപ്പുകൾക്ക് ധനസഹായം അനുവദിച്ചതിൽ 3 ഗ്രൂപ്പുകളും തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിലും ഒരെണ്ണം പാണാവള്ളി ഗ്രാമപഞ്ചായത്തിലും ഉൾപ്പെട്ടതാണ്. മറ്റ് ഗ്രാമപഞ്ചായത്തുകളിലെ ഗ്രൂപ്പുകളെ പദ്ധതിയിലെ ആനുകൂല്യത്തിനായി പരിഗണിക്കാത്തത് എന്തുകൊണ്ടെന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.
2. മൽസ്യമേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ജീവിതോപാധിയായി ഡിങ്കിയും ഗിൽനെറ്റും വിതരണം ചെയ്യുന്ന പദ്ധതിയിൽ രണ്ട് ഗ്രൂപ്പുകൾക്ക് ഡിങ്കിക്ക് മാത്രമായാണ് ധനസഹായം നൽകിയത്. സർക്കാരിന്റെ പദ്ധതി മാർഗ്ഗരേഖ പ്രകാരം ഉൾനാടൻ മൽസ്യമേഖലയിൽ ഡിങ്കിക്ക് മാത്രമായി സബ്സിഡി നൽകുന്നതിന് അനുവദിനീയമല്ല. ഇപ്രകാരം മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പ്രകാരമല്ലാതെ പദ്ധതി നടപ്പാക്കുന്നതിനായി സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയതായി രേഖയില്ല.
3. പദ്ധതികൾക്കുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള സർക്കാർ മാനദണ്ഡപ്രകാരമല്ല പദ്ധതിയിലെ

ഗുണഭോക്തൃ ഗ്രൂപ്പുകളെ തിരഞ്ഞെടുത്തിരിക്കുന്നത്. ആനുകൂല്യം അനുവദിച്ച നാല് ഗ്രൂപ്പുകളിൽ രണ്ടെണ്ണത്തിലും ഗ്രാമപഞ്ചായത്തുകൾ നൽകിയ ഗുണഭോക്താക്കളുടെ പട്ടികയിലില്ലാത്തവർ കൂടി ഉൾപ്പെട്ടിട്ടുണ്ട്. ഇരു ഗ്രൂപ്പുകളിലായി ആനുകൂല്യം നൽകിയ ആറു പേരിൽ 3 പേരും ഗ്രാമപഞ്ചായത്തുകൾ നൽകിയ പട്ടികയിലില്ലാത്തവരാണ്.

4. പദ്ധതി ഗുണഭോക്താക്കളുമായി കരാറിലേർപ്പെടുന്നതിന് മുൻപ് പദ്ധതിയിൽ ആനുകൂല്യം നൽകുന്നതിന് ഗുണഭോക്താക്കൾക്കുള്ള അർഹത സംബന്ധിച്ച പരിശോധന നടത്തിയതായ വിവരങ്ങളില്ല. ഗുണഭോക്താക്കൾ നിലവിൽ ഡിങ്കി സ്വന്തമായി ഉള്ളവരാണോ? സർക്കാരിന്റെ ഏതെങ്കിലും പദ്ധതികൾ വഴിയോ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, മത്സ്യഫെഡ് പോലുള്ള ഏജൻസികൾ വഴിയോ വള്ളം വാങ്ങുന്നതിന് ധനസഹായം ലഭിച്ചവരാണോ എന്നിവ പരിശോധിച്ചിട്ടില്ല. ആയതിനാൽ നിലവിൽ ഡിങ്കി ഉള്ളവർക്ക് തന്നെ ആനുകൂല്യം വീണ്ടും ലഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കപ്പെട്ടിട്ടില്ല.

4. ജില്ലാ ആസൂത്രണസമിതി അംഗീകാരം ലഭിച്ച പദ്ധതി, പദ്ധതിയുടെ ചെലവുരേഖകൾ, ഗുണഭോക്താക്കൾ ഹാജരാക്കിയ വിലച്ചീട്ട് എന്നിവ പ്രകാരം പുതിയ ഡിങ്കി നിർമ്മാണത്തിനായാണ് ധനസഹായം അനുവദിക്കുന്നത്. ചെലവുരേഖകൾക്കൊപ്പം ഗുണഭോക്താക്കൾ ഹാജരാക്കിയ ഫോട്ടോകൾ പ്രകാരം മിക്ക ഡിങ്കികളും നിലവിലുള്ളവയിൽ അറ്റകുറ്റപ്പണികൾ മാത്രം നടത്തിയതായാണ് വ്യക്തമാവുന്നത്.
5. പദ്ധതി പ്രകാരം 3 മൽസ്യത്തൊഴിലാളികളടങ്ങുന്ന ഗ്രൂപ്പിന്റെ ബാങ്ക് അക്കൌണ്ടിലേക്കാണ് സബ്സിഡി നൽകേണ്ടത്. എന്നാൽ ഗ്രൂപ്പിന്റെ പേരിൽ ബാങ്ക് അക്കൌണ്ട് തുടങ്ങാതെ ഗ്രൂപ്പിലെ ഒരാളുടെ വ്യക്തിഗത അക്കൌണ്ടിലേക്കാണ് ധനസഹായം പൂർണ്ണമായി നൽകിയിരിക്കുന്നത്.
മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതിക്കായി ചെലവഴിച്ച 44,778 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പദ്ധതിക്കുള്ള സബ്സിഡി കുറവായതിനാൽ മറ്റ് ഗ്രാമപഞ്ചായത്തുകളിലെ പല ഗ്രൂപ്പുകളും കരാർ വയ്ക്കാൻ തയ്യാറാകാത്തതിനാലാണ് അതിന് തയ്യാറായ ഗ്രൂപ്പുകൾക്ക് മാത്രം ആനുകൂല്യം നൽകിയതെന്നും ഗിൽനെറ്റ് ഓപ്പൺ മാർക്കറ്റിൽ നിന്നും മറ്റ് ഗ്രൂപ്പുകളും വാങ്ങിയിട്ടുണ്ടെന്നും പുതിയ ഡിങ്കികൾക്കാണ് ധനസഹായം അനുവദിച്ചതെന്നുമാണ് ബ്ലോക്ക് പഞ്ചായത്ത് മറുപടിയിൽ അറിയിച്ചത്.എന്നാൽ പദ്ധതി ഫയലിൽ ഇത് സംബന്ധമായ വിവരങ്ങളൊന്നും ഉൾപ്പെടുത്തിയിട്ടില്ല.

## 3-5 ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിലെ അപാകങ്ങൾ

2017-18 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളുടെ നടത്തിപ്പിലെ അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1. പൂച്ചാക്കൽ മാർക്കറ്റ് നവീകരണം-ബ്ലോക്ക് പഞ്ചായത്ത് വിഹിതം

പ്രോജക്ട് നം- 90/18

ബിൽ നം-64/17-18 Rs.200000/- തീയതി. 23.03.2018

തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന പൂച്ചാക്കൽ മാർക്കറ്റ് നവീകരണത്തിനായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി നിശ്ചയിച്ച 2,00,000 രൂപ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള ബാങ്ക് അക്കൌണ്ടിലേക്ക്(നം-799011400001922) നൽകിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്ത് ഏർപ്പെട്ട കരാറിന്റെ വിവരങ്ങൾ, നൽകിയ 200000 രൂപയിൽ 20469 രൂപയുടെ ഒഴികെയുള്ള വിനിയോഗ വിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

2. പള്ളിപ്പുറം പി.എച്ച്.സി- ആർദ്രം കെട്ടിടനിർമ്മാണം-ബ്ലോക്ക്പഞ്ചായത്ത് വിഹിതം

പ്രോജക്ട് നം- 71/18

ബിൽ നം-31/17-18 Rs.400000/- തീയതി. 12.01.2018

പള്ളിപ്പുറം പി.എച്ച്.സി യിൽ ആർദ്രം മിഷൻ പ്രകാരം എൻ.ആർ.എച്ച്.എം വഴി നടപ്പിലാക്കുന്ന കുടുംബാരോഗ്യകേന്ദ്രം കെട്ടിട നിർമ്മാണത്തിനായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി നിശ്ചയിച്ച 4,00,000 രൂപ എൻ.ആർ.എച്ച്.എം ജില്ലാ പ്രോജക്ട് ഓഫീസറുടെ പേരിലുള്ള ബാങ്ക് അക്കൌണ്ടിലേക്ക് (അക്കൌണ്ട് നം-060601000247) നൽകിയിട്ടുണ്ട്. ഹാജരാക്കിയ കരാർ പ്രകാരം കെട്ടിടനിർമ്മാണം 31.03.2018 നകം പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ തുകയുടെ വിനിയോഗ വിവരങ്ങൾ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

3. കേരളോത്സവം

(പ്രോജക്ട് നം- 04/18

ബിൽ നം-34/17-18 Rs.98600/- തീയതി. 17.01.2018)

2017 കേരളോത്സവത്തോടനുബന്ധിച്ച ചെലവുകൾക്കായി 98,600/- രൂപ പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് ജനറൽ എക്സ്റ്റൻഷൻ ഓഫീസർ ഈ ആവശ്യത്തിനായി അഡ്വാൻസ് അനുവദിക്കുകയും ഹാജരാക്കിയ വൌച്ചറുകൾ പ്രകാരമുള്ള ബാലൻസ് തുക പിന്നീട് നൽകുകയുമാണ് ചെയ്തിട്ടുള്ളത്. പദ്ധതി ചെലവുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

1. 2013 ലെ സ്റ്റോർ പർച്ചേസ് മാന്വലിലെ (ജി.ഒ (പി) നം- 03/2013/SPD തീയതി.21.06.2013) വ്യവസ്ഥകൾ പ്രകാരമുള്ള ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെയാണ് 15,000 രൂപക്കുമേലുള്ള വാങ്ങൽ നടപടികൾ നടത്തിയിട്ടുള്ളത്. ഇതുമൂലം വിവിധയിനം സാധനങ്ങൾ കുറഞ്ഞ നിരക്കിൽ ലഭിക്കുന്നതിനുള്ള സാധ്യത പരിഗണിക്കപ്പെട്ടില്ല.
2. കേരളോത്സവത്തോടനുബന്ധിച്ചുള്ള സ്പോർട്സ് ഇനങ്ങൾ ആവശ്യകത മുൻകൂട്ടി കണക്കാക്കി ഒറ്റത്തവണയായി വാങ്ങുന്നതിന് പകരം ഒരേയിനങ്ങൾ പലപ്രാവശ്യമായി വാങ്ങിയിട്ടുണ്ട്. സാധനങ്ങൾ അംഗീകൃത ബില്ലുകളില്ലാതെയും വാങ്ങിയിട്ടുണ്ട്.
3. 1000 രൂപക്കുമേലുള്ള ബില്ലുകൾ പ്രകാരമുള്ള തുക ബന്ധപ്പെട്ട വ്യക്തിയുടെ/സ്ഥാപനത്തിന്റെ ബാങ്ക് അക്കൌണ്ടിലേക്ക് നൽകേണ്ടതാണ്. എന്നാൽ 35,000 രൂപ അധികരിക്കുന്ന ബില്ലുകൾ പോലും പണമായാണ് വിതരണം നടത്തിയിട്ടുള്ളത്. പണമായി നൽകിയ പ്രധാന ചെലവുകൾ ചുവടെ ചേർക്കുന്നു.

എ) ട്രോഫി,സ്പോർട്സ് ഐറ്റം- സ്പോർട്സ് വേൾഡ്-35,278 രൂപ

ബി) ഭക്ഷണം- കലവറ SHG കാന്റീൻ- 22,245 രൂപ

സി) പന്തൽ, കസേര വാടക -ഞാറക്കാട്ട് ടാക്സിഹൌസ്- 6,000/- രൂപ

ഡി) ബാനർ- എഴുത്തുപുര ക്രിയേഷൻസ്-2,900/-

ഇ) ഭക്ഷണം- പ്രതീക്ഷ റസ്റ്റോറന്റ്- 3570 രൂപ

എഫ്) ഭക്ഷണം- ദൈവസഹായം റസ്റ്റോറന്റ്- 4320 രൂപ

4. സ്പോർട്സ് വേൾഡ്, ചേർത്തല നിന്നും വാങ്ങിയ 10,102/- രൂപയുടെ സ്പോർട്സ് ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിന്റെയോ വിതരണം നടത്തിയതിന്റെയോ വിവരങ്ങളില്ല. വാങ്ങുന്ന സ്പോർട്സ് ഉപകരണങ്ങളുടെ തുടർ ഉപയോഗം സാധ്യമാണോ എന്നത് പരിശോധിക്കാതെ ഓരോ വർഷവും പുതിയ വാങ്ങൽ നടത്തുകയും കൃത്യമായ സ്റ്റോക്ക് ,വിതരണ വിവരങ്ങൾ സൂക്ഷിക്കാതിരിക്കുകയും ചെയ്യുന്നുണ്ട്.
5. 2017 കേരളോത്സവം നടത്തിപ്പിനായി ബ്ലോക്ക് പഞ്ചായത്തിന് യുവജനക്ഷേമ ബോർഡിൽ നിന്നും അനുവദിക്കുന്ന വിഹിതം ലഭിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച വിവരങ്ങളില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മേൽ അപാകങ്ങൾ പരിഹരിച്ച് തുടർപ്രവർത്തനങ്ങൾ നടത്തുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്.
ഈ പദ്ധതികളുമായി ബന്ധപ്പെട്ട് വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭിക്കാനുള്ളവ അടിയന്തിരമായി ലഭ്യമാക്കുന്നതിനും വാങ്ങലുകളിലും ബിൽ തുക നൽകുന്നതിലും സുതാര്യത ഉറപ്പുവരുത്തുന്ന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തും വിധം തുടർ പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 വിനിയോഗ രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു

അരൂക്കുറ്റി സി.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ താഴെ കൊടുത്തിട്ടുള്ള പ്രോജക്ടുകളിൽ പരിശോധിച്ചതിൽ കണ്ട അപാകതകളും പ്രോജക്ടുകളുടെ വിശദാംശവും ചുവടെ ചേർക്കുന്നു.

1) പ്രോ.നം. 13/18( CHCകളിലേയ്ക്ക് മരുന്ന് വാങ്ങൽ)

അടങ്കൽ: 3 ലക്ഷം രൂപ (മെ.ഫ. നോൺ റോഡ്)

ചെലവ്: 3 ലക്ഷം രൂപ (1.ബിൽ നം. 08/17-18 തീയതി: 15.11.17- 2,00,000/-

ബിൽ നം. 10/17-18 തീയതി: 19.12.17 – 1,00,000/-)

ബിൽ നം. 08/2017-18 പ്രകാരം ഒരു ലക്ഷം രൂപ വീതം തൈക്കാട്ടുശ്ശേരി, പെരുമ്പളം സി.എച്ച്.സി. കൾക്ക് മരുന്ന് വാങ്ങുന്നതിനായി കൈമാറിയിട്ടുണ്ട്. കൂടാതെ ഒരു ലക്ഷം രൂപ അരൂക്കുറ്റി സി.എച്ച്.സി-യിലേയ്ക്ക് കെ.എം.എസ്.സി.എൽ

(KMSCL)-ൽ നിന്നും മരുന്ന വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. ന്യൂനതകൾ ചുവടെ കൊടുക്കുന്നു.

1. പെരുമ്പളം സി.എച്ച്.സി. മരുന്നുകൾക്കായി ചെലവഴിച്ച 1 ലക്ഷം രൂപയിൽ 21492/- രൂപ English Company, ആലപ്പുഴ എന്ന സ്വകാര്യ സ്ഥാപനത്തിൽ നിന്നും വാങ്ങിയതിന് ക്വട്ടേഷൻ ക്ഷണിച്ചതായുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.
2. പെരുമ്പളം സി.എച്ച്.സി, മരുന്ന് വാങ്ങൽ സംബന്ധിച്ച യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.
3. അരൂക്കുറ്റി സി.എച്ച്.സി. മരുന്ന് വാങ്ങലിനായി KMSCL-ന്റെ 1ലക്ഷം രൂപയുടെ (59090+40910)മാത്രമാണ് പ്രഫോർമ ഇൻവോയ്സ് പ്രകാരം സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെയായിട്ടും KMSCL-ൽ നിന്നും മരുന്നുകൾ ലഭ്യമായിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് മറുപടിയോ രേഖകളോ ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ അപാകതകളിന്മേൽ ചെലവ് തുകയായ 1,21,492/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2) പ്രോ.നം. 30/18 (അരൂക്കുറ്റി സി.എച്ച്.സി.യ്ക്ക് ജപ്പാൻ കുടിവെള്ള കണക്ഷൻ)

അടങ്കൽ: 50,000/- രൂപ (തനത് ഫണ്ട്)

ചെലവ്: 46,975/- രൂപ (ചെക്ക് നം. SB/JC 2194774 തീ: 23.10.17)

9000/- രൂപ കേരള വാട്ടർ അതോറിറ്റിയ്ക്ക് നൽകുന്നതിനായി ചെലവഴിച്ചിട്ടുണ്ടെങ്കിലും തുകയുടെ കൈപ്പറ്റ് ലഭ്യമല്ല. വാട്ടർ കണക്ഷൻ സംബന്ധിച്ച ഇൻവോയ്സ് കാർഡ് ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 9000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

3) പ്രോ.നം. 18/18( പെയിൻ & പാലിയേറ്റിവ് - ഗ്രാമ പഞ്ചായത്ത് വിഹിതം)

അടങ്കൽ: 10,00,000/- രൂപ (വി. ഫണ്ട്)

ചെലവ്: 10,00,000/- രൂപ (1. ബിൽ നം. 04/17-18 തീ: 12.10.2017- 8,00,000/-

2. ബിൽ നം. 09/17-18 തീ: 19.12.17 – 2,00,000/- )

അരൂക്കുറ്റി, തൈക്കാട്ടുശ്ശേരി, പെരുമ്പളം, പാണാവള്ളി, ചേന്നംപള്ളിപ്പുറം എന്നീ 5 ഗ്രാമ പഞ്ചായത്തുകൾക്കായി 2 ലക്ഷം രൂപ വീതം ആകെ 10 ലക്ഷം രൂപ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കായി നൽകിയിട്ടുണ്ട്. ന്യൂനതകൾ ചുവടെ കൊടുക്കുന്നു.

1. അരൂക്കുറ്റി, തൈക്കാട്ടുശ്ശേരി, പാണാവള്ളി, ചേന്നംപള്ളിപ്പുറം എന്നീ 4 ഗ്രാമ പഞ്ചായത്തുകൾ തുകയുടെ വിനിയോഗ സാക്ഷ്യപത്രം , ചെലവ് രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല.
2. എല്ലാ ഗ്രാമ പഞ്ചായത്തുകളും പാലിയേറ്റിവ് പ്രവർത്തനങ്ങൾ നടത്തിയതിന്റെ ഹോംകെയർ റിപ്പോർട്ട്, പി.എം.സി. ഹാജർ-മിനിറ്റ്സ്, Patient Status റിപ്പോർട്ട്, Followup Home care രജിസ്റ്റർ, ഹോംകെയർ റിപ്പോർട്ട്, Homecare Planning register, നോമിനൽ രജിസ്റ്റർ, മരുന്നുകൾ - ഉപകരണങ്ങൾ എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ ലഭ്യമാക്കിയിട്ടില്ല.

ചെലവ് രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ 8 ലക്ഷം രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 മതിയായ രേഖകളില്ലാതെ ആനുകൂല്യം നൽകി

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 01.08.2016-ലെ എ.എ2/59/2016 നമ്പർ സർക്കുലർ പ്രകാരം ഡ്രൈവിംഗ് ലൈസൻസുള്ള ഭിന്നശേഷിക്കാർക്ക് മാത്രമെ ട്രൈസൈക്കിൾ നല്കാവൂ എന്ന് നിർദ്ദേശിച്ചിരുന്നു. പിന്നീട് 15.03.2017-ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മറ്റിയുടെ 21-ാം നമ്പർ തീരുമാന പ്രകാരം സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ/ട്രൈസൈക്കിൾ ഓടിക്കാൻ കഴിയുന്ന ആളാണെന്ന് ഡോക്ടർ സാക്ഷ്യപ്പെടുത്തുന്നവർക്ക് ലേണേഴ്സ് ലൈസൻസ് ഉണ്ടെങ്കിൽ സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ/ട്രൈസൈക്കിൾ നല്കാവുന്നതാണെന്ന് പറഞ്ഞിരിക്കുന്നു.

സി.ഡി.പി.ഒ. നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ സൈഡ് വീൽ സ്കൂട്ടർ വാങ്ങൽ (പ്രോജക്ട് നം.63/17-18) പ്രകാരം ഭിന്നശേഷിക്കാർക്ക് സ്കൂട്ടർ വാങ്ങി നൽകുന്നതിനായി സ്കൂട്ടർ ഒന്നിന് രൂപ 69000/-രൂപ (ജി.എസ്.ടി.ഉൾപ്പെടെ) പ്രകാരം 4,83,000/-രൂ ചെലവഴിച്ച് കെൽട്രോൺ എന്ന സ്ഥാപനത്തിൽ നിന്നും(ബിൽ നം.65/17-18/16.3.2018) 7സ്കൂട്ടർ വാങ്ങിയിട്ടുണ്ട്.

എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷയിൽ പേരിനു നേരെ കാണിച്ചിരിക്കുന്ന വിവരങ്ങളുടെ പകർപ്പ്

ഹാജരാക്കിയിട്ടില്ല.

| പേര് | ഹാജരാക്കാത്ത രേഖകൾ |
|---|---|
| ശ്രീ.സുഭഗൻ | മറ്റ് പദ്ധതികളിലുൾപ്പെടുത്തി സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ അനുവദിച്ചിട്ടില്ലായെന്ന സാക്ഷ്യപത്രം. |
| ശ്രീ.സുനീഷ് | മറ്റ് പദ്ധതികളിലുൾപ്പെടുത്തി സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ അനുവദിച്ചിട്ടില്ലായെന്ന സാക്ഷ്യപത്രം. |
| ശ്രീമതി.സുനിതി | മറ്റ് പദ്ധതികളിലുൾപ്പെടുത്തി സൈഡ് വീൽ ഘടിപ്പിച്ച് സ്കൂട്ടർ അനുവദിച്ചിട്ടില്ലായെന്ന സാക്ഷ്യപത്രം, ലൈസൻസ് |
| ശ്രീമതി.മിനിമോൾ | മറ്റ് പദ്ധതികളിലുൾപ്പെടുത്തി സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ അനുവദിച്ചിട്ടില്ലായെന്ന സാക്ഷ്യപത്രം. |

രേഖകൾ ഹാജരാക്കാത്തതിനാൽ 4 ഗുണഭോക്താക്കളുടെ സ്കൂട്ടറിന്റെ വിലയായ 2,76,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-8 വാങ്ങിയ ഉപകരണങ്ങൾ വിതരണം ചെയ്തില്ല

പ്രോജക്ടിന്റെ പേര് : വയോജനങ്ങൾക്ക് ഉപകരണങ്ങൾ വാങ്ങൽ

പ്രോജക്ട് നമ്പർ : 72/17-18

അടങ്കൽ : 544080/-

ചെലവ് : 544080/-

സി.ഡി.പി.ഓ. നിർവഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ ടി പ്രോജക്ട് പ്രകാരം 544080 രൂപ പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ച് (ബിൽ നം.6-1718/23.3.2018) ഉപകരണങ്ങൾ വാങ്ങി വിവിധ ഗ്രാമപഞ്ചായത്തുകളിലെ വയോജനങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ വിവിധ പഞ്ചായത്തുകളിലെ അർഹരായ വയോജനങ്ങൾ താഴെ പറയുന്ന ഉപകരണങ്ങൾ അവർക്ക് നേരേ കാണിച്ചിരിക്കുന്ന കാരണങ്ങളാൽ കൈപ്പറ്റിയിട്ടില്ല. തുടർ നടപടികളുടെ വിവരം അറിയിക്കാനും സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കാനും ഓഡിറ്റ് എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ടെങ്കിലും യാതൊരു വിവരവും ലഭ്യമായില്ല.

| പേര് | ഉപകരണം | ഗ്രാമപഞ്ചായത്ത് | തുക | റിമാർക്സ് |
|---|---|---|---|---|
| ശ്രീമതി.രാജമ്മ, | Hearing aid(profound) | ചേന്നംപള്ളിപ്പുറം | 8000 | മരണപ്പെട്ടു. |
| ശ്രീ.രവീന്ദ്രൻ | Hearing aid(profound) | പാണാവള്ളി | 8000 | മരണപ്പെട്ടു |
| ശ്രീ.അപ്പച്ചൻ | Folding wheel chair with crome plated | പാണാവള്ളി | 5457 | മരണപ്പെട്ടു |
| ശ്രീമതി.ജാനകി | Walking stick adjustable | പാണാവള്ളി | 344 | മരണപ്പെട്ടു |
| ശ്രീ.പത്മനാഭൻ | Walking stick adjustable | പാണാവള്ളി | 344 | ഹാജരായില്ല |
| ശ്രീമതി.കല്ല്യാണി | Folding wheel chair with crome plated | തൈക്കാട്ടുശ്ശേരി | 5457 | ഹാജരായില്ല |
| ശ്രീ.വിജയൻ | Accomodative foodwear for disabled | തൈക്കാട്ടുശ്ശേരി | 1040 | ഹാജരായില്ല |
| ശ്രീ.ബാലകൃഷ്ണൻ നായർ | Accomodative foodwear for disabled | പെരുമ്പളം | 1040 | ഹാജരായില്ല |
| ശ്രീ.സാവിത്രി | Walking stick adjustable | പെരുമ്പളം | 344 | ഹാജരായില്ല |

ആയതിനാൽ വിതരണം ചെയ്യാത്ത മുകളിൽപ്പറഞ്ഞ ഉപകരണങ്ങളുടെ വിലയായ 30,026/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ

കെ.പി.ഡബ്ല്യൂ.എ കോഡിലെ ഖണ്ഡിക 15.4.1 പ്രകാരം വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾ (സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ എം ഡി, മുതലായവ) മൂന്ന് വർഷത്തിനുള്ളിൽ ക്ലെയിം ചെയ്യാതിരുന്നാൽ അത്തരം നിക്ഷേപങ്ങൾ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതും മൂന്ന് വർഷത്തിലധികമായവ പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് ചേർക്കാവുന്നതുമാണ്. കൂടാതെ കേരള ഫിനാൻഷ്യൽ കോഡിലെ ആർട്ടിക്കിൾ 282 പ്രകാരവും 3 വർഷത്തിലധികമായി നിലനിൽക്കുന്ന നിക്ഷേപങ്ങൾ/നിരതദ്രവ്യം തുകകൾ സർക്കാർ/തദ്ദേശ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്.

തൈക്കാട്ടുശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2.2.2013 മുതൽ 14.10.2015 വരെ 1,51,811/-രൂപ ഇപ്രകാരം കാലഹരണപ്പെട്ട നിക്ഷേപം ഉള്ളതായി കാണുന്നു. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് മുതൽകൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| അരൂക്കുറ്റി ഗ്രാമപഞ്ചായത്ത് | 2017-18 | 40000 | പി.എം.എം.ഐ.അധികസഹായം | 40000 | 0 |
| പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് | 2017-18 | 60000 | പി.എം.എം.ഐ.അധികസഹായം | 60000 | 0 |
| പാണാവള്ളി ഗ്രാമപഞ്ചായത്ത് | 2017-18 | 658000 | ഐ.എ.വൈ.എസ്.സി.അധികവിഹിതം | 658000 | 0 |
| പാണാവള്ളി ഗ്രാമപഞ്ചായത്ത് | 2017-18 | 20000 | പി.എം.എം.ഐ.അധികവിഹിതം | 0 | 20000 |
| പെരുമ്പളം ഗ്രാമപഞ്ചായത്ത് | 2017-18 | 160000 | പി.എം.എം.ഐ.അധികവിഹിതം | 160000 | - |
| തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത് | 2017-18 | 40000 | പി.എം.എം.ഐ.അധികവിഹിതം | 40000 | 0 |
| ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 2017-18 | 140000 | പി.എം.എം.ഐ.അധികസഹായം | 140000 | 0 |
| ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 2017-18 | 2280525 | ലൈഫ് മിഷൻ ജില്ലാ വിഹിതം | 2280525 | 0 |

4-2) നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

4-3) മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-4) വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവ് ഉണ്ട്/ഇല്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി | 1319/2010 /ത.സ.ഭ.വ. തീയതി.16.4.2010 | 10872525 | 5249007 | 2015192 | | 3233815 |

4-5) <u>സ്ഥിരനിക്ഷേപങ്ങൾ</u>

ഇല്ല.

4-6) <u>ഓഡിറ്റ് റിക്കവറി</u>

ഇല്ല

4-7) <u>സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം</u>

ഇല്ല

4-8) <u>ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം</u>

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം/ ഖണ്ഡിക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | സർട്ടിഫിക്കറ്റിന്റെ വിവരം | | ഉൾപ്പെട്ട തുക | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | ചാർജ്ജ് | സർ ചാർജ്ജ് | ചാർജ്ജ് | സർ ചാർജ്ജ് | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| (1) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) | (15) |
| 1 | 1997-98 ഖണ്ഡിക 17,19 | കെ.ആർ.വിൻസെന്റ്, പഞ്ചായത്ത് സെക്രട്ടറി | | LF.14678/ Spl.Cell/ SC1/01/ dated 23.7.2002 | | 4587 | | | | | | 4587 | 17.1.2012ന് തുക അടവാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട് |

4-9 <u>ഓഡിറ്റ് പ്രത്യവലോകനം</u>

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 6,90,86,565 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 7,11,15,309 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 18,60,827 |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 44,778 | സലില.എസ്, സെക്രട്ടറി |
| 3-5(1) | 1,79,531 | സലില.എസ്, സെക്രട്ടറി |
| 3-5(2) | 4,00,000 | സലില.എസ്, സെക്രട്ടറി |

| | | |
|---|---|---|
| 3-6(1) | 1,21,492 | ഡോ.ജോർജ്ജ്.കെ.എ., മെഡിക്കൽ ഓഫീസർ |
| 3-6(2) | 9,000 | ടി |
| 3-6(3) | 8,00,000 | ടി |
| 3-7 | 2,76,000 | ജി.എൻ.സ്മിത, സി.ഡി.പി.ഓ. |
| 3-8 | 30,026 | ടി |
| ആകെ | 18,60,827 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സലില.എസ്.,സെക്രട്ടറി | ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ, തൈക്കാട്ടുശ്ശേരി | ചിറയിൽ, തൈക്കൽ പി.ഒ. കടക്കരപ്പള്ളി |
| ഡോ.ജോർജ്ജ്, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.അരൂക്കുറ്റി | കാട്ടിത്തറ ഹൗസ്, അരൂർ പി.ഓ. |
| സ്മിത.ജി.എൻ, സി.ഡി.പി.ഓ. | സി.ഡി.പി.ഓ.തൈക്കാട്ടുശ്ശേരി | ശിവാനി,അംബേദ്ക്കർ റോഡ്,തെളിഭാഗം, കുന്നപ്പുഴ പി.ഒ |
| ടി.വേണുഗോപാൽ, സെക്രട്ടറി(ഇൻ ചാർജ്ജ്) | ജോയ്ന്റ് ബി.ഡി.ഒ.ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസ്, തൈക്കാട്ടുശ്ശേരി | കുളത്തുങ്കൽ, കുടമാളൂർ,കോട്ടയം |

4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 മുതൽ 2009-10 വരെ | എൽ.എഫ്.ജി.എ5-832/11/31.1.12 |
| 2006-07 | എൽ.എഫ്.ജി.എ.5-1577/ 14/5.7.14 |
| 2007-08 | എൽ.എഫ്.ജി.എ.5-1577/ 16.5.14 |
| 2008-09 | എൽ.എഫ്.ജി.എ.5-1577/14/7.6.14 |
| 2009-10 | എൽ.എഫ്.ജി.എ.5-1577/14/16.5.14 |
| 2010-11 &11-12 | എൽ.എഫ്.എ.ബി.പി.1/766/13/21.1.14/11.4.14 |
| 2012-13 &13-14 | എൽ.എഫ്.എ.ബി.പി.320/2015/1/6/15 |
| 2014-15&2015-2016 | കെ.എസ്.എ 225/എ.എൽ.പി/ബി.പി./17/10.3.2017 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/ബി.പി- |

തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനു സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

.
.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 1

നം.കെ.എസ്.എ-എ.എൽ.പി/ബി.പി-33/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ
തീയതി: 05.01.2019

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡികകളിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ആലപ്പുഴ

## അനുബന്ധം 2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

.
.
.
.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ